സർക്കാർ വനിതാ പോളിടെക്നിക് കോളേജ് തൃശ്ശൂർ

A2/549/21/WPC-TSR തീയതി:14/06/2022

<u>ക്വട്ടേഷൻ പരസ്യം</u>

സർക്കാർ വനിതാ പോളിടെക്നിക് കോളേജ് തൃശ്ശൂർ വിദ്യാർഥിനികൾക്കും ജീവനക്കാർക്കും വേണ്ടിയുള്ള കാന്റീൻ ഒരു വർഷത്തേക്ക് ഏറ്റെടുത്ത് നടത്തുന്നതിന് പ്രവൃത്തിപരിചയമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. ഭക്ഷണസാധനങ്ങളുടെ ലിസ്റ്റ് താഴെ പറയുന്ന പ്രകാരമാണ്.

| ക്രമനമ്പർ | ഭക്ഷണപദാർഥങ്ങൾ | അളവ് |
|---|---|---|
| 1 | ചായ, കാപ്പി, പാല് | 150 മി. ലി |
| 2 | ഉഴുന്നുവട, പഴംപൊരി, പരിപ്പുവട, ഉണ്ണിയപ്പം, സമൂസ, പഫ്സ്, ഉള്ളിവട, സുഖിയൻ, വട്ടപത്തിരി | 75 ഗ്രാം |
| 3 | ഉപ്പുമാവ് | 100 ഗ്രാം |
| 4 | ദോശ, ഇഡ്ഡലി, ഇടിയപ്പം, പുട്ട്, വെള്ളയപ്പം | 80 ഗ്രാം |
| 5 | പൂരിമസാല (3 എണ്ണം) | 200 ഗ്രാം |
| 6 | പൊറോട്ട, ചപ്പാത്തി | 100 ഗ്രാം |
| 7 | സ്പെഷ്യൽ ഊണ് ( സാമ്പാർ/ മീൻകറി, ഉപ്പേരി, അവിയൽ, മോര്, രസം, അച്ചാർ, പപ്പടം, മീൻവറവ്/ മുട്ട) | 500 ഗ്രാം |
| 8 | ഊണ് (സാമ്പാർ, ഉപ്പേരി, മോര്, അച്ചാർ, പപ്പടം) | 500 ഗ്രാം |
| 9 | മസാല ദോശ | 200 ഗ്രാം |
| 10 | ചിക്കൻ ബിരിയാണി | 500 ഗ്രാം |
| 11 | വെജ് ബിരിയാണി | 500 ഗ്രാം |
| 12 | ഐസ്ക്രീം | 75 ഗ്രാം |
| 13 | ഫ്രൂട്ടി | 100 മി ലി |
| 14 | ചിക്കൻ കറി | 75 ഗ്രാം |
| 15 | വെജ്/ മുട്ട കറി | 50 ഗ്രാം |

പട്ടിക പ്രകാരമുള്ള ഭക്ഷണസാധനങ്ങൾ സ്ഥാപനത്തിലെ കാന്റീനിൽ വച്ചുതന്നെ പാചകം ചെയ്യേണ്ടതാണ്. കാന്റീൻ നടത്തിപ്പിനുള്ള അവകാശം ഉറപ്പിച്ചുലഭിക്കുന്ന വ്യക്തി കാന്റീനിന്റെ മേൽനോട്ടം വഹിക്കേണ്ടതും എല്ലാ പ്രവൃത്തി ദിവസങ്ങളിലും കാന്റീൻ തുറന്നു പ്രവൃത്തിപ്പിക്കേണ്ടതുമാണ് ഇതുകൂടാതെ ആരോഗ്യവകുപ്പിൽ നിന്നും Food & Safety ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കേണ്ട നിയമപ്രകാരമുള്ള രേഖകൾ സ്വന്തം ചിലവിൽ എടുത്ത് സൂക്ഷിക്കേണ്ടതും സമയാസമയങ്ങളിൽ പുതുക്കേണ്ടതുമാണ്. ഭക്ഷണപദാർത്ഥങ്ങളുടെ വിലവിവരപട്ടിക നല്ലതുപോലെ കാണത്തക്കവിധം കാന്റീനിൽ പ്രദർശിപ്പിച്ചിരിക്കണം.
കാന്റീൻ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി പി ഡബ്ലിയു ഡി നിർദേശിക്കുന്ന കെട്ടിടവാടകയും, അധികാരികൾ നിർദേശിക്കുന്ന വെള്ളകരവും വൈദ്യുതിചാർജ്ജും എല്ലാമാസവും പത്താം തീയതിക്കകം ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. 5000/- രൂപയുടെ ഡി ഡി (SBI ബ്രാഞ്ചിൽ നിന്നും പ്രിൻസിപ്പാളിന്റെ പേരിൽ എടുത്തത് ) കരുതൽ ധനം മുൻകൂർ ഓഫീസിൽ അടക്കേണ്ടതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി: 27/06/2022 4 മണി

ക്വട്ടേഷൻ തുറക്കുന്ന തീയതി: 28/06/2022 11 മണി

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനുപുറത്ത് കാന്റീൻ ക്വട്ടേഷൻ നമ്പർ 5/2022-23 എന്നെഴുതേണ്ടതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ തുക ന്യായമല്ലെന്നു തോന്നുന്നപക്ഷം ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതല്ല. സർക്കാർ അംഗീകാരമുള്ള സംരംഭകർക്ക് ക്വട്ടേഷനിൽ മുൻഗണന ലഭിക്കുന്നതായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ അന്തിമ തീരുമാനവും പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

വിശ്വസ്തതയോടെ

ബിജു. എം. ജെ
പ്രിൻസിപ്പാൾ
പ്രിൻസിപ്പാൾ
മഹാരാജാസ് വനിതാ പോളിടെക്നിക്ക് കോളേജ്,
തൃശ്ശൂർ

പകർപ്പ്
1. നോട്ടിസ് ബോർഡ്
2. വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ സഹകരണ സ്ഥാപന നോട്ടിസ് ബോർഡുകൾ
3. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്